## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 525 — 11.06.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ സമാശ്വാസ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന സർക്കാരും ലോട്ടറി വകുപ്പും ചേർന്ന് നടത്തുന്ന കാരുണ്യ സമാശ്വാസ പദ്ധതിയിൽ നാളിതുവരെയായി എത്ര പേർക്ക് എത്ര തുക ധനസഹായമായി വിതരണം ചെയ്തുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 28/05/2013-വരെ 10307 പേർക്ക് 110.62 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ടി പദ്ധതിയിൻ കീഴിൽ ഏതെല്ലാം രോഗങ്ങൾ ബാധിച്ചവർക്കാണ് ധനസഹായം അനുവദിക്കുന്നത് ; | (ബി) | കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ എന്നീ ചികിത്സയ്ക്കാണ് ധന സഹായം അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | (സി) & (ഡി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br><br>വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷമാക്കിയിട്ടുണ്ട്.<br><br>സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരായ രോഗികൾക്ക് അടിയന്തിര ഓപ്പറേഷൻ ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഓപ്പറേഷൻ കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ധനസഹായം അനുവദിയ്ക്കുന്നതാണ്. |
| (ഡി) | എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | | |

ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ആകെ ധനസഹായ പരിധിയിൽ ഇളവു വരുത്തി ഓരോ രോഗിക്കും 2 ലക്ഷം രൂപാ വീതം നൽകുന്നതാണ്.

സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളിൽ ഡയാലിസിസ് ചികിത്സ നടത്തുന്നവർക്കും ധനസഹായം ലഭിക്കുന്നതാണ്.

ധനസഹായത്തിന് ആർ.എസ്.ബി.വൈ, ചിസ് പ്ലസ് പ്രകാരം ലഭിക്കുന്ന ചികിത്സാ ധനസഹായം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്ന തുകയിൽ നിന്നും കുറവു ചെയ്യുന്നതു ഒഴിവാക്കി അർഹമായ മുഴുവൻ തുകയും പരമാവധി രണ്ടു ലക്ഷം എന്ന പരിധിയിൽ അനുവദിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.